## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1532      14.12.2012-ൽ മറുപടിക്ക്

### കോർപ്പറേഷനുകളിലെ മാലിന്യസംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലെ മാലിന്യസംസ്കരണത്തിനായി ആധുനിക രീതിയിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ .<br><br>ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | എ) & ബി) ഉണ്ട്. മലിനീകരണവും ദുർഗന്ധവും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കാത്ത തരത്തിലുള്ളതും പ്രതിദിനം 35 ടൺ മാലിന്യം സംസ്ക്കരിക്കാൻ ശേഷിയുള്ളതുമായ ഒരു മോഡൽ പ്ലാന്റ് തിരുവനന്തപുരം നഗരസഭയിൽ സ്ഥാപിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. ടി പ്ലാന്റ് 2012-13 സാമ്പത്തിക വർഷത്തിൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള പ്ലാന്റുകൾ കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിലേക്കായി യോഗ്യതയുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയ വിവിധ ഘട്ടത്തിലാണ്. |

(signature)

സെക്ഷൻ ഓഫീസർ